ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി- ഡി) വിവരം ശേഖരിച്ചുവരുന്നു.

വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കലും കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ ചൂഷണവും

2 (387) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മണക്കാട് എം.എൽ.എ. റോഡിൽ ബലവാൻ നഗർ, ഗംഗാ നഗർ പ്രദേശത്ത് കെ.എസ്.ഇ.ബി.-യുടെ വൈദ്യുത പോസ്റ്റുകൾ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആകെ എത്ര പോസ്റ്റുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്;

(ബി) ഓരോ പുതിയ കണക്ഷൻ വരുമ്പോഴും ഇത്തരക്കാർ പുതിയതായി കെ.എസ്.ഇ.ബി. വക പോസ്റ്റുകൾ ഉപയോഗപ്പെടുത്തുന്നത് കണക്കിൽ വകയിരുത്താറുണ്ടോ;

(സി) പോസ്റ്റുകൾ റോഡുവശത്തും (പി.ഡബ്ല്യു.ഡി., കോർപ്പറേഷൻ, ഹൈവേ) കുറുകെയും കേബിൾ ലൈൻ വലിക്കുന്നതിന് ചാർജ്ജിനത്തിൽ എത്ര തുക പ്രസ്തുത സ്ഥാപനം കെ.എസ്.ഇ.ബി.- യ്ക്ക് അടയ്ക്കുന്നുണ്ട്; ഇത്തരക്കാർ വാർഷിക ഇനത്തിലാണോ ഗവൺമെന്റിന് ചാർജ്ജുകൾ അടയ്ക്കേണ്ടിവരുന്നത്;

(ഡി) കഴിഞ്ഞ ഒരു വർഷത്തിൽ ലൈൻ വലിക്കുന്നതുമായോ മറ്റേതെങ്കിലും വകയിലോ കെ.എസ്.ഇ.ബി.-യ്ക്കോ ഗവൺമെന്റിനോ ലഭിക്കേണ്ട തുകയിൽ എന്തെങ്കിലും തരത്തിലുള്ള ഇളവ്/കുറവ് ഇത്തരക്കാർക്ക് ചെയ്ത് കൊടുത്തിട്ടുണ്ടായിരുന്നോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ റേറ്റിന്റെ കാര്യത്തിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുകയും എന്നാൽ ഗവൺമെന്റിൽ നിന്ന് എല്ലാ രീതിയിലും ഇളവ് വാങ്ങിച്ചെടുക്കുകയും ചെയ്യുന്നത് തടയാൻ നടപടി എടുക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. മണക്കാട് സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന എം.എൽ.എ. റോഡിൽ ബലവാൻ നഗർ, ഗംഗാ നഗർ പ്രദേശത്ത് 34 വൈദ്യുത പോസ്റ്റുകൾ റിലയൻസ്, ഏഷ്യാനെറ്റ്, സിറ്റി കേബിൾ എന്നീ ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അർബൻ/സെമി അർബൻ പ്രദേശത്ത് പോസ്റ്റ് ഒന്നിന് 305 രൂപ നിരക്കിലും മറ്റ് പ്രദേശങ്ങളിൽ പോസ്റ്റ് ഒന്നിന് 153 രൂപ നിരക്കിലും വാർഷിക വാടകയിനത്തിൽ മുൻകൂറായി ഈടാക്കുന്നു. റിലയൻസ് 4 ജി സർവ്വീസിന്റെ വാടക, പോസ്റ്റ് ഒന്നിന് 360 രൂപയാണ്.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സൗജന്യ വൈദ്യുതി

3 (388) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജനവിഭാഗങ്ങൾക്കാണ് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത്; എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സൗജന്യം ലഭിക്കുന്ന വീടുകളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികളുണ്ടെങ്കിൽ കൂടുതൽ വൈദ്യുതി സൗജന്യം അനുവദിക്കുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ പ്ലസ് ടു വിദ്യാർത്ഥിക്കും ഓരോ സൗജന്യ സൗരോർജ്ജ വിളക്ക് നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര പേർക്ക് വിളക്ക് നൽകി. ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 500 വാട്സ് വരെ കണക്ടഡ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കളുടെ പ്രതിമാസ ശരാശരി വൈദ്യുതി ഉപഭോഗം, 20 യൂണിറ്റ് വരെയാണെങ്കിൽ സൗജന്യമായാണ് വൈദ്യുതി നൽകുന്നത്. ടി ആനുകൂല്യം ലഭിക്കുന്ന വിവിധ ജില്ലകളിലെ ഉപഭോക്താക്കളുടെ ഇലക്കിക്കൽ സർക്കിൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ 'Life

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്